I ഇ.ബി. XII - കേരള നിയമസഭ/XV-16

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 19, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

കണ്ടൽകാടുകളിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ

മി. സ്പീക്കർ: കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിലെയും വനം പരിസ്ഥിതി നിയമങ്ങളിലെയും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സി.ആർ. ഇസെഡ് (CRZ 1)-ൽ ഉൾപ്പെട്ടതും ദേശാടനപക്ഷികളുടെ ആവാസകേന്ദ്ര വുമായ വളപട്ടണം പുഴയോരത്തുള്ള കണ്ടൽകാടുകളിൽ അനധികൃതമായി നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതു തടയാൻ കേന്ദ്ര പരിസ്ഥിതി വകുപ്പിലെ നിർദ്ദേശങ്ങൾ ലംഘിച്ചതായും പരിസ്ഥിതിക്ക് വിനാശകരമായ പ്രവർത്തനങ്ങൾ തുടർന്നും നടത്തുന്നതായും പറയപ്പെടുന്ന സ്ഥിതി വിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.സി. ജോസഫ്, ജോസഫ് എം. പുതുശ്ശേരി, എം. ഉമ്മർ,

കെ.പി. മോഹനൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വളപട്ടണം പുഴയോരത്ത് പാപ്പിനിശ്ശേരി പഞ്ചായത്തിൽ സി.ആർ.ഇസെഡ്-വൺ ഭാഗത്ത് കണ്ടൽ തീം പാർക്കിനുവേണ്ടി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ചെയർമാൻ നിയോഗിച്ച വിദഗ്ദ്ധസമിതി സ്ഥലം സന്ദർശിച്ച് രണ്ടാഴ്ചയ്ക്കകം കേന്ദ്രത്തിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ചെയർമാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ. സി. ജോസഫ്: വളപട്ടണം മേഖലയിലെ കണ്ടൽ കാടുകളിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയണമെന്ന കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ആവശ്യത്തിന്മേൽ യാതൊരു നടപടിയും എടുത്തിട്ടില്ല. അപൂർവ്വം ജൈവ വൈവിദ്ധ്യസങ്കേതവും അത്യപൂർവ്വ ദേശാടനപക്ഷികളുടെ ആവാസ കേന്ദ്രവുമായ ഇക്കോളജിക്കലി ഫ്രജൈൽ ലാന്റിന് ശുപാർശ ചെയ്യപ്പെട്ട സ്ഥലത്താണ് പാപ്പിനിശ്ശേരി ഇക്കോടൂറിസം സൊസൈറ്റി മാൻഗ്രോവ് പാർക്ക് നിർമ്മിച്ചിരിക്കുന്നത്. സി.ആർ.ഇസെഡ് വൺ കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വളപട്ടണം കണ്ടൽകാടുകളിൽ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾക്കെതിരെ സ്ഥലം എം.പി., എൽ.എ.എ., പരിസ്ഥിതി സംഘടനകൾ എന്നിവർ നൽകിയ

പരാതിയെത്തുടർന്ന് കേന്ദ്ര പരിസ്ഥിതി വകുപ്പുദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് കേരള ഹൈക്കോടതിയിൽ സംസ്ഥാന സർക്കാരിനുവേണ്ടി സമർപ്പിക്കപ്പെട്ട ഒരു അഫിഡവിറ്റിൽ സയൻസ് ആന്റ് ടെക്നോളജി ഡിപ്പാർട്ടുമെന്റ് സി.ആർ.ഇസെഡ് -വൺ നോട്ടിഫിക്കേഷനിൽ പറയുന്ന പ്രവർത്തനങ്ങൾ മാത്രമേ അവിടെ പാടുള്ളൂ എന്നാണ് വ്യക്തമാക്കിയിട്ടുള്ളത് പരിസ്ഥിതി സംരക്ഷിക്കാനെന്ന വ്യാജേന കച്ചവടക്കണ്ണോടുകൂടിയ നിർമ്മാണപ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നതെന്നാണ് സ്ഥലം സന്ദർശിച്ച ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥരും വ്യക്തമാക്കുന്നത്. നിയമങ്ങൾ ലംഘിച്ചുകൊണ്ട് അവിടെ നടക്കുന്ന കയ്യേറ്റവും നിർമ്മാണപ്രവർത്തനവും തടയാൻ സർക്കാർ ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഈ പ്രശ്നം ഗൗരവമായിട്ടുതന്നെ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നയസമീപനങ്ങളിൽനിന്നും വ്യക്തമായതിനാൽ ഇക്കാര്യം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, പി.സി. ജോർജ്, കെ. കുട്ടി അഹമ്മദ് കുട്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

## ശ്രദ്ധക്ഷണിക്കൽ

(1) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. യു. സി. രാമൻ: കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സി. ടി. സ്കാൻ സുഗമമായി പ്രവർത്തിപ്പിക്കുന്നതിന് ജനറേറ്ററും പുതിയ എക്സ് റേ മെഷീനും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ഡെന്റൽ കോളേജിലെ സ്ഥല പരിമിതി പരിഹരിക്കാൻ ആധുനിക കെട്ടിടങ്ങൾ നിർമ്മിക്കണം. മോർച്ചറിയിലെ അനാഥബോഡികൾ നീക്കം ചെയ്യാനും മറ്റ് ബോഡികൾ ഫ്രീസറിൽ വയ്ക്കാനും സംവിധാനമുണ്ടാക്കണം. സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിൽ ഓപ്പറേഷൻ തിയേറ്റർ, ലാബ്, എക്സ്-റേ മെഷീൻ എന്നിവ സ്ഥാപിക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്യണം. മെഡിക്കൽകോളേജ് ആശുപത്രിയിലെ പുതിയ ബ്ളോക്കിൽ നിന്ന് പഴയ ബ്ളോക്കിലേയ്ക്കെത്താൻ റോഡ് മുറിച്ച് കടക്കേണ്ടതിനാൽ ഗുരുതരാവസ്ഥയിലുള്ള രോഗികളെ എത്തിക്കുന്നതിന് മാത്രമായി ആംബുലൻസ് സർവീസും മറ്റുള്ളവർക്ക് റോഡ് മുറിച്ച് കടക്കുന്നതിന് കോറിഡോർ സംവിധാനവും ഏർപ്പെടുത്തണം. കാൻസർ രോഗികൾക്ക് ചുരുങ്ങിയ ചെലവിൽ നൂതന ചികിത്സ ലഭ്യമാക്കുന്നതിന് കേന്ദ്രഫണ്ടുപയോഗിച്ച് അടിയന്തിരമായി ഗാമ ക്യാമറ സ്ഥാപിക്കണം. നവീകരിച്ച ക്യാന്റീനിന്റെ പ്രവർത്തനം ആരംഭിക്കണം. ജലവിതരണം തടസ്സപ്പെടുത്തുന്നതിന് പരിഹാരം കണ്ടെത്തണം. സിക്കിൾസെൽ അനീമിയയുമായി എത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുടെ രോഗകാരണങ്ങൾ കണ്ടുപിടിക്കുന്നതിന് ലാബുകൾ സജീവമാക്കണം. ഖര-ദ്രവ മാലിന്യനിർമ്മാർജ്ജനത്തിനുള്ള പ്ളാന്റുകൾ സ്ഥാപിക്കണം.

മോർച്ചറിയിൽ പോസ്റ്റുമോർട്ടം നടത്തുന്നതിന് ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കാൻ നിർദ്ദേശം നൽകണം. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് കുടിവെള്ളവും വൈദ്യുതിയും ഉറപ്പുവരുത്താൻ അടിയന്തിര ഇടപെടൽ നടത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : ലിവർ പ്ലാന്റേഷൻ ഒഴികെയുള്ള ശസ്ത്രക്രിയകൾ നടത്താനുള്ള സൗകര്യങ്ങൾ കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രി യിലുണ്ട്. കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിക്ക് 23 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും അത്യാഹിതവിഭാഗവും രക്ത ബാങ്കും ഒ.പി-കളും നവീകരിക്കുകയും മെഡിസിനിലും സർജറിയിലും രണ്ട് പുതിയ ഐ.സി.യു. ആരംഭിക്കുകയും സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രി യിൽ കിടത്തിചികിത്സ ആരംഭിക്കുകയും അത്യാഹിതവിഭാഗത്തിൽ ഡിജിറ്റൽ എക്സ്-റേ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സ്പെക്ട്രോ ഗാമാ ക്യാമറ വാങ്ങുന്നതിനുള്ള നടപടിയായിട്ടുണ്ട്. ക്യാൻസർ ചികിത്സയ്ക്കുള്ള റേഡിയോ സ്റ്റിമുലേറ്റർ സ്ഥാപിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പുതിയ കാത്ത് ലാബ് തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു. എം.ആർ.ഐ സ്കാൻ, ഇ.എസ്.ഡബ്ല്യു.എൽ, റേഡിയോ തെറാപ്പി സ്റ്റിമുലേറ്റർ, രണ്ട് കോടി രൂപയുടെ വെന്റിലേറ്റർ, കൂടാതെ 16 വെന്റിലേറ്ററുകൾ എന്നിവ വാങ്ങാൻ സാധിച്ചു. മാതൃ-ശിശു സംരക്ഷണകേന്ദ്രത്തിൽ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. നവജാതശിശുക്കളുടെ ശുശ്രൂഷയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തി. പൾസ് ഓക്സിമീറ്റർ, ഇൻഫ്യൂഷൻ പമ്പ് തുട ങ്ങിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുകയും ആവശ്യത്തിന് മരുന്ന്

ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കിഡ്നി ട്രാൻസ്പ്ലാന്റേഷൻപോലുള്ള വളരെ സങ്കീർണ്ണമായ ശസ്ത്രക്രിയ കോഴിക്കോട് മെഡിക്കൽ കോളേജിൽ വിജയകരമായി നടത്തുകയുണ്ടായി. സ്വീവേജ് പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ജലവും വൈദ്യുതിയും ഉറപ്പുവരുത്താൻ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹായത്തോടെ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) <u>സഹകരണ സർവ്വകലാശാല രൂപീകരണം</u>

<u>ശ്രീ. വി.എൻ . വാസവൻ</u>: സംസ്ഥാനത്തെ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പരീക്ഷകളുടെയും നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് സഹകരണ സർവ്വകലാശാല രൂപീകരിക്കേണ്ടത് ആവശ്യമാണ്. കൂടുതൽ പഠനവും ഗവേഷണവും ആവശ്യമായതിനാൽ ജെ.ഡി.സി, എച്ച്.ഡി.സി. കോഴ്സുകൾക്ക് ഡിഗ്രിയും പി.ജി. കോഴ്സുകളും ആരംഭിക്കുകയും ബി.കോം., എം.കോം, എം.ബി.എ., എം.സി.എ., ഐ.സി.ഡബ്ല്യു.എ.ഐ. അടക്കമുള്ള കോഴ്സുകൾ ഈ രംഗത്തേയ്ക്ക് വരികയും ചെയ്താൽ ഈ മേഖലയെ കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ സഹായകമാകും. ബാങ്കിംഗ് മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന കോർബാങ്കിംഗ് സിസ്റ്റം അടക്കമുള്ള പ്രശ്നങ്ങൾ സഹകരണ ബാങ്കുകളെ ബാധിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ ഉയർന്ന തസ്തികയിൽ ജോലി ചെയ്യുന്നവരെല്ലാം എം.ബി.എ.,-ക്കാരോ സി.എ.ക്കാരോ ആയിരിക്കണമെന്ന നിബന്ധന നടപ്പിലാക്കാൻ കഴിയണം. കോർബാങ്കിംഗ് സിസ്റ്റവും അക്കൗണ്ട്സും ആഡിറ്റും കമ്പ്യൂട്ടർ ആപ്ലിക്കേഷനും ഉൾപ്പെടുന്ന പരിശീലനങ്ങൾ ലഭ്യമാക്കി ഉദ്യോഗാർത്ഥികളെ വളർത്തിയെടുക്കാൻ കഴിയണം. ഇതിനുവേണ്ടി സഹകരണ സർവ്വകലാശാല സ്ഥാപിക്കാൻ നിയമനിർമ്മാണം നടത്തണം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സഹകരണ സർവ്വകലാശാല രൂപീകരണം സംബന്ധിച്ച് ഗവൺമെന്റ് നയപരമായ തീരുമാനം എടുത്തിട്ടില്ല. സഹകരണവകുപ്പ് ഇതുസംബന്ധിച്ച് നടത്തിയ ചില പഠനങ്ങളുടെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ പുതിയ മേഖലകളിലേയ്ക്കുള്ള വളർച്ചയ്ക്ക് സർവ്വകലാശാല രൂപീകരണം വളരെ സഹായകരമാണെന്ന അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. നിയമ യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസിലറിൽനിന്നും ഇതു സംബന്ധിച്ച് പരിശോധിച്ച് നയപരമായ തീരുമാനം എടുക്കുന്നതിൽ തെറ്റില്ലെന്ന പ്രാഥമിക റിപ്പോർട്ടാണ് ലഭിച്ചിരിക്കുന്നത്. സഹകരണ സർവ്വകലാശാല സ്ഥാപിക്കണമെന്ന ആവശ്യം സർക്കാർ ഗൗരവമായി പരിഗണിക്കുന്നതാണ്. സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയപ്പോൾ അഞ്ച് വർഷത്തിൽ കുറയാതെ തുടർച്ചയായി ലാഭമുണ്ടാക്കിയിട്ടുള്ള എല്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും ബാങ്കുകളും പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ടിലേയ്ക്ക് നിശ്ചിത ശതമാനം ഫണ്ട് കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചാർട്ടേഡ് അക്കൗണ്ടൻസി തുടങ്ങിയ മേഖലകളിൽ കോ-ഓപ്പറേറ്റീവ് മേഖലയ്ക്ക് കൂടുതൽ സംഭാവന നൽകാൻ കഴിയും. ഇത്തരം വിഷയങ്ങൾ സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തി നയപരമായ തീരുമാനം എടുക്കാൻ കഴിയുന്നതാണ്. സ്ഥാപിക്കപ്പെടുകയാണെങ്കിൽ അത് പ്രത്യേകതരം യൂണിവേഴ്സിറ്റിയായിരിക്കും. സി.എ., ഐ.സി.ഡബ്ല്യൂ.എ.ഐ, എം.ബി.എ. തുടങ്ങിയ മാനേജ്മെന്റ് കോഴ്സുകൾക്ക് നല്ല അക്കാദമിക് പൊസിഷനും ഉണ്ടാകും.

## സബ്മിഷൻ

### (1) വേരിയബിൾ ഡി.എ.യിൽ ഉണ്ടായ കുറവ്

ശ്രീ. വി. ഡി. സതീശൻ : മാസാമാസങ്ങളിലെ കമ്പോള വിലനിലവാര സൂചികയ്ക്കനുസരിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കി നൽകുന്ന വേരിയബിൾ ഡി.എ.യിൽ 2001-നുശേഷം കുറവുണ്ടായതിനാൽ എറണാകുളം ജില്ലയിലെ തൊഴിലാളികൾക്ക് സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ട്. വിലനിലവാര സൂചിക ഏറ്റവും കൂടുതലുള്ള എറണാകുളം ജില്ലയിലാണ് കുറവ് വെയ്റ്റേജ് ലഭിക്കുന്നത്. ലിംങ്കിംഗ് ഫാക്ടർ റീ-ഫിക്സേഷനിലെ കാലതാമസം ഒഴിവാക്കാനും അർഹതയ്ക്കനുസരിച്ച ഇൻഡെക്സ് എന്ന മാനദണ്ഡം മാറ്റി ഫുഡ് ഇൻഡെക്സ് തീരുമാനിക്കാനും അതുവഴി തൊഴിലാളികൾക്ക് അർഹത പ്പെട്ട വേരിയബിൾ ഡി.എ. ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് കേരളത്തിലെ മിനിമംവേജസ് ആക്ടിന്റെ പരിധിയിൽ വരുന്ന കർഷകത്തൊഴിലാളികളുടേയും വ്യാവസായികത്തൊഴിലാളികളു ടേയും വേരിയബിൾ ഡി.എ കണക്കാക്കുന്നതിനായി ഉപഭോക്തൃ വില സൂചിക ഓരോമാസവും തയ്യാറാക്കിവരുന്നു. തൊഴിലാളികളുടേയും തൊഴിൽ ദാതാക്കളുടേയും സംഘടനാ പ്രതിനിധികളും സർക്കാർ ഉദ്യോഗ സ്ഥരും ഉൾപ്പെടുന്ന 1998-99-ലെ കമ്മിറ്റി ഓഫ് ഡയറക്ഷന്റെ മേനോട്ട ത്തിൽ തയ്യാറാക്കിയ കർഷകത്തൊഴിലാളികളുടേയും വ്യാവസാ യികത്തൊഴിലാളികളുടേയും കുടുംബ ബഡ്ജറ്റ് സർവ്വേ റിപ്പോർട്ടും

ലിങ്കിംഗ് ഫാക്ടറും സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. എറണാകുളം സെന്ററിലെ 2001 മുതലുള്ള ഉപഭോക്തൃ വില സൂചിക പരിശോധിക്കുമ്പോൾ കുറവ് വന്നതായി കാണുന്നില്ല. തൊഴിൽ ദാതാക്കൾ വേരിയബിൾ ഡി.എ നൽകുന്നത് വേജ് ഘടന അല്ലെങ്കിൽ മിനിമം വേജ്, എഗ്രിമെന്റ് വേജ് എന്നിവയുടെ അടിസ്ഥാനത്തിലാണ്. വേജ് നിർണ്ണയിക്കാൻ ആവശ്യമായ ഉപഭോക്തൃ വിലസൂചിക തയ്യാറാക്കി നൽകുകയെന്നുള്ള ചുമതലയാണ് വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളത്. ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കാൻ പുതിയ കുടുംബ ബഡ്ജറ്റ് സർവ്വേ നടത്താൻ കമ്മിറ്റി ഓഫ് ഡയറക്ഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) <u>സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം</u>

<u>ശ്രീ. പി. ജയരാജൻ :</u> സംസ്ഥാനത്തെ ആയിരക്കണക്കിനു വരുന്ന സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ.ബേബി):</u> കേന്ദ്ര സഹായവും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയും സ്വയാർജ്ജിതമായ വരുമാനവും കൂടി ചേർത്താണ് പ്രേരക്മാർക്ക് പ്രതിമാസം 1500 രൂപ പ്രതിഫലം നൽകിവരുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും കൂടുതൽ സാമ്പത്തികസഹായം നേടിയെടുക്കാൻ കഴിഞ്ഞാൽ അതും സാക്ഷരതാ പ്രവർത്തകർക്ക് ഓണറേറിയമായി നൽകുന്നതാണ്.

(3) <u>നിലമ്പൂർ ആസ്ഥാനമായി മിനി സിവിൽ സ്റ്റേഷൻ</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : നിലമ്പൂരിൽ മിനി സിവിൽസ്റ്റേഷൻ സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ഭൂമിയുടെ പ്രശ്നത്തിലുണ്ടായ കാലതാമസമാണ് നിലമ്പൂരിൽ മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണപ്രവർത്തനം നീണ്ടുപോയത്. ഇപ്പോൾ പട്ടികജാതി വികസനവകുപ്പിന്റെ ഭൂമി സിവിൽസ്റ്റേഷനുവേണ്ടി കണ്ടെത്തിയിട്ടുണ്ട്. ഭൂമി കൈമാറ്റ നടപടികൾ എത്രയുംപെട്ടെന്ന് പൂർത്തിയാക്കി മിനി സിവിൽസ്റ്റേഷൻ സ്ഥാപിക്കുന്നതാണ്.

(4) <u>ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് റേഷൻ കാർഡിൽ എസ്.ടി എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ആഫീസിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും ആധികാരികരേഖയായി ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u> : പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് റവന്യൂ വകുപ്പാണ്. തഹസീൽദാർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിന്റെയും സ്കൂൾ സർട്ടിഫിക്കറ്റ്, റേഷൻകാർഡ് അടക്കമുള്ള മറ്റുരേഖകളുടെ അടിസ്ഥാനത്തിലാണ് ജാതി സംബന്ധിച്ച അവകാശവാദം തീരുമാനിക്കുന്നത്. ഇതുസംബന്ധിച്ച് കൂടുതൽ വ്യക്തതയും പഠനവും ആവശ്യമാണെങ്കിൽ കിർത്താഡ്സിന്റെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ

പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും അനുസരിച്ചാണ് സർട്ടിഫിക്കറ്റ് നൽകി വരുന്നത്. റേഷൻകാർഡിന്റെ മാത്രം അടിസ്ഥാനത്തിൽ ജാതിസർട്ടിഫിക്കറ്റ് അനുവദിക്കാൻ സാധിക്കില്ല. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആധികാരിക രേഖയായി ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(5) കരിങ്കൽ ഭിത്തി

ശ്രീ. പി.പി. അബ്ദുള്ള കുട്ടി : തിരൂർ പുറത്തൂർ-കുറ്റിക്കാട് കടവിൽ കരിങ്കൽ ഭിത്തികെട്ടി കര സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : പ്രസ്തുത കടവിൽ കരിങ്കൽ ഭിത്തി നിർമ്മിക്കാനായി ഭാരതപ്പുഴ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ കഴിയും. അതുപ്രകാരം പുഴയുടെ സംരക്ഷണം അടിസ്ഥാനപ്പെടുത്തി പദ്ധതി തയ്യാറാക്കി ജില്ലാ വിദഗ്ദ്ധസമിതിയുടെ അനുമതിയോടുകൂടി ഗവൺമെന്റിലേയ്ക്ക് അയച്ചാൽ എത്രയുംവേഗം അംഗീകാരം നൽകുന്നതാണ്.

(6) സഹകരണ ബാങ്ക് നിക്ഷേപം

ശ്രീ. കെ. ശിവദാസൻ നായർ : പത്തനംതിട്ട ജില്ലയിലെ കുളനട സർവ്വീസ് സഹകരണബാങ്കിലെ നിക്ഷേപകർക്ക് പണം മടക്കികിട്ടാൻ നടപടി സ്വീകരിക്കണം,

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : 2001-2002 മുതലുള്ള കണക്കുപ്രകാരം നിക്ഷേപകരുടെ നാലുകോടിയോളം രൂപ ദുർവ്യയം ചെയ്ത കുളനട സർവ്വീസ് സഹകരണ ബാങ്ക് ഭരണസമി

തിയെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അന്വേഷണം നടത്തിപിരിച്ചുവിടുകയുണ്ടായി. പുതിയ ഭരണസമിതി നിലവിൽ വന്നെങ്കിലും നിക്ഷേപകർക്ക് പണം മടക്കി നൽകാൻ യാതൊരു നടപടിയും സ്വീകരിച്ചില്ല. ജില്ലാ സഹകരണബാങ്ക് ആ ബാങ്കിനെ റീഹാബിലിറ്റേറ്റ് ചെയ്യാൻ പ്രോജക്ട് തയ്യാറാക്കിയാൽ ഗവൺമെന്റ് എല്ലാ സഹായവും ചെയ്യും. ഗവൺമെന്റിന്റെ റിസ്ക് ആന്റ് ഡെവലപ്മെന്റ് ബോർഡിന്റെ വ്യവസ്ഥ അനുസരിച്ചും സഹായം ചെയ്യാൻ തയ്യാറാണ്. ഇതുകൂടാതെ ഡെപ്പോസിറ്റ് തിരികെ കിട്ടാനുള്ളവർ ഒരു സംഘടന രൂപീകരിച്ച് വിജിലൻസ് കോടതിയിൽ കേസ് കൊടുത്താൽ ഗവൺമെന്റ് അതിനോടൊപ്പം ചേർന്ന് അഫിഡവിറ്റ് കൊടുത്ത് പണാപഹരണം നടത്തിയവരെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കാം. ഇതിനെല്ലാം കൂട്ടുനിന്ന സഹകരണ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുക്കാൻ ഉദ്ദേശിക്കുകയാണ്.

(7) അടയ്ക്കാ കർഷകർക്ക് ധനസഹായം

ശ്രീ. സി.എച്ച്. കുഞ്ഞമ്പു : അടയ്ക്കായുടെ വിലത്തകർച്ചയിൽ നിന്നും കർഷകരെ സഹായിക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 10 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : രോഗങ്ങൾ, ഉൽപ്പാദനക്കുറവ്, ഉപയോഗത്തിലുണ്ടായ നിരോധനം, ഇറക്കുമതി എന്നിവ കാരണം അടയ്ക്കാ കർഷകർ പ്രതിസന്ധി നേരിട്ട സാഹചര്യത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 കോടി രൂപയുടെ പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 27-7-2010-ന് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ കാസർഗോഡ് ജില്ലയിലെ നിയമസഭാംഗങ്ങളുടെ യോഗം കൂടുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(8) <u>ജന്മി പെൻഷൻ പരിഷ്ക്കരണം</u>

<u>ശ്രീ. എം. ചന്ദ്രൻ</u> : ജന്മി പെൻഷൻ 1000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>) : 14 ജില്ലകളിലായി ജന്മി പെൻഷൻ കൈപ്പറ്റുന്ന 200-ലെറെ ആളുകളുണ്ട്. അഗ്രികൾച്ചറൽ റിഹാബിലിറ്റേഷൻ ഫണ്ടിന്റെ സ്ഥിരനിക്ഷേപത്തിൽനിന്നാണ് പെൻഷൻ നൽകുന്നത്. വാർദ്ധക്യാവസ്ഥയിലെത്തി കഷ്ടപ്പെടുന്ന ഈ വിഭാഗത്തിന് നിലവിൽ നൽകിവരുന്ന 500 രൂപ അപര്യാപ്തമായതിനാൽ 1000 രൂപയാക്കി വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്; ഇതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പ് പരിശോധിച്ചുവരികയാണ്.

(9) <u>മൊബൈൽ മെഡിക്കൽ യൂണിറ്റ്</u>

<u>ശ്രീ. ബി.ഡി. ദേവസ്സി</u> : അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>) : അതിരപ്പിള്ളി ആദിവാസിമേഖലകളിൽ വെറ്റിലപ്പാറ പി.എച്ച്.സി.യുടെ ആഭിമുഖ്യത്തിലും തൃശ്ശൂർ ഡി.എം.ഒ.യുടെ നേതൃത്വത്തിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ടുമുള്ള മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. ഈ മേഖലയിൽ കൂടുതൽ ചികിത്സ ഉറപ്പുവരുത്തുന്നതിന് ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010-നെ സംബന്ധിച്ച പതിനാലാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം
(623,77,80,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്
(105,69,86,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI - സാമൂഹ്യവികസനം
(193,30,74,000 രൂപ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(സർവ്വശ്രീ എൻ. ശക്തൻ, പി.സി. വിഷ്ണുനാഥ്, എ.പി. അബ്ദുള്ള ക്കുട്ടി, എം.എ. വാഹീദ്, ജി. കാർത്തികേയൻ, ജോർജ് മേഴ്സിയർ, ടി.എൻ. പ്രതാപൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ.എ. ഷുക്കൂർ, അബ്ദുറഹിമാൻ രണ്ടത്താണി, എം. ഉമ്മർ, തോമസ് ഉണ്ണിയാടൻ, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ്കുമാർ, റോഷി അഗസ്റ്റിൻ, കെ.പി. മോഹനൻ, ഡൊമിനിക് പ്രസന്റേഷൻ, തേറമ്പിൽ രാമകൃഷ്ണൻ, അടൂർ പ്രകാശ്, കെ. ബാബു, കെ.സി. ജോസഫ്, ആര്യാടൻ മുഹമ്മദ്, എ.പി. അനിൽകുമാർ, പ്രൊഫ. എൻ. ജയരാജ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിലും ഫണ്ട് വിനിയോഗത്തിലും വന്നിട്ടുള്ള അപാകത കാരണം വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല. നിത്യേന മാനദണ്ഡങ്ങൾ മാറ്റു ന്നതുകൊണ്ട് പദ്ധതികളുടെ അംഗീകാരത്തിന് കാലതാമസം നേരിടുകയും പദ്ധതികൾ ശാസ്ത്രീയമായി തയ്യാറാക്കാനുള്ള വൈദഗ്ദ്ധ്യം നഷ്ടപ്പെടു കയും ചെയ്യുന്നു. ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയായിട്ടില്ല. ത്രിതല പഞ്ചായത്തുകളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. കാര്യക്ഷമ തയില്ലായ്മയുടേയും അഴിമതിയുടേയും ധൂർത്തിന്റേയും മേഖലയായി തദ്ദേശസ്ഥാപനങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഉല്പാദനമേഖല അവഗണിക്ക പ്പെടുകയും നികുതി പിരിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തിരിക്കു ന്നു. ഫണ്ടിന്റെ വിനിയോഗം ഫലപ്രദമാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടി ക്കണം. ഇ.എം.എസ്./എം.എൻ. ഭവനനിർമ്മാണപദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം വ്യക്തമാക്കണം. സുസ്ഥിര വികസനത്തിന്റെ പേരിൽ എ.ഡി.ബി. വായ്പ ക്രമരഹിതമായി ചെലവഴിക്കുന്നു. കാര്യക്ഷമതയി

ല്ലായ്മയും കെടുകാര്യസ്ഥതയും വികസനപദ്ധതികളെ തകിടം മറിക്കുന്നു. ജനകീയാസൂത്രണത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുകയും ഗ്രാമസഭകളുടെ കാര്യക്ഷമത കുറയുകയും ചെയ്യുന്നു. പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും മെച്ചപ്പെടുത്താനും ധനമാനേജ്മെന്റ് കാര്യക്ഷമമാക്കാനും ആവശ്യമായ ഭേദഗതികൾ പഞ്ചായത്ത്/മുനിസിപ്പൽ നിയമങ്ങളിൽ വരുത്തണം. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പഠനഗവേഷണ പരിശീലന കേന്ദ്രമാക്കി 'കില' യെ മാറ്റണം. കെട്ടിടനിർമ്മാണച്ചട്ടത്തിലെ അപാകതകൾ പരിഹരിക്കണം. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി നടപ്പാക്കുന്നതിൽ ശുഷ്ക്കാന്തി കാണിക്കണം. സാമൂഹ്യക്ഷേമ പദ്ധതികൾ മാനദണ്ഡങ്ങളുടെ സാങ്കേതികത്വം പറഞ്ഞ് വേണ്ടവിധം നടപ്പിലാക്കാതിരിക്കുന്നത് അപലപനീയമാണ്. നഗരതൊഴിലുറപ്പുപദ്ധതിക്ക് സംസ്ഥാനതല നിർവ്വഹണ ഏജൻസിയെ നിശ്ചയിക്കുകയോ ഇതിനാവശ്യമായ ഉത്തരവുകളോ മാർഗ്ഗനിർദ്ദേശങ്ങളോ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. ചേരിനിർമ്മാർജ്ജനം ഫലപ്രദമായി നടപ്പിലാക്കണം. മുനിസിപ്പിലാറ്റികൾക്കു കീഴിൽ നടക്കുന്ന പൊതുമരാമത്ത് പണികൾക്ക് ഏകോപനമുണ്ടാക്കണം. തൃശ്ശൂർ മുനിസിപ്പാലിറ്റിയോടുള്ള വിവേചനം അവസാനിപ്പിക്കണം. നിറുത്തിവച്ച തൃശ്ശൂർ, കൊല്ലം നഗരവികസന പദ്ധതികൾ പുനരാരംഭിക്കണം. തൃശ്ശൂരിന്റെ വികസനസാദ്ധ്യതകൾ കണക്കിലെടുത്ത് ആസൂത്രിത നഗരാവിഷ്ക്കാരത്തിനായി സ്പെഷ്യൽ പാക്കേജ് നടപ്പാക്കണം. വാർഡ് വിഭജനം, വോട്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കൽ തുടങ്ങിയ പ്രക്രിയകൾ കാര്യക്ഷമമാക്കി പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീതിപൂർവ്വവും നിഷ്പക്ഷവുമായി നടത്തണം.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പദ്ധതിവിഹിതം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പദ്ധതികൾ പ്രാവർത്തികമാക്കി. അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കിയതിന് അഖിലേന്ത്യാ പുരസ്ക്കാരം നേടാൻ സാധിച്ചു. ഭവന നിർമ്മാണം, കുടിവെള്ള പദ്ധതികൾ, അടിസ്ഥാനസൗകര്യ വികസനം, വിദ്യാലയങ്ങൾക്കും ആശുപത്രികൾക്കു മുള്ള അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ നേട്ടം കൈവരി ക്കാൻ കഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം സംയോജി പ്പിച്ചുകൊണ്ട് തൊഴിലുറപ്പു പദ്ധതി ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരി ക്കുന്നു. ഈ പദ്ധതിക്കുവേണ്ടി ഇതുവരെ 467 കോടി രൂപ ചെലവഴിച്ചു. ഉൽപ്പാദന മേഖലയിൽ പ്ലാൻ ഫണ്ടിന്റെ നാൽപ്പത് ശതമാനം ചെലവഴിക്കാൻ സാധിച്ചു. കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ വഴി അമ്പതിനായിരം ഏക്കർ സ്ഥലത്ത് കൃഷി നടത്തി. പച്ചക്കറികൃഷിക്കു വേണ്ടി രണ്ടുവർഷത്തിനുള്ളിൽ 37.54 കോടി രൂപയാണ് ചെലവഴിച്ചത്. കാർഷിക സർവ്വകലാശാലയേയും മൃഗസംരക്ഷണ വകുപ്പിനേയും ഏകോപിപ്പിച്ച് ഭക്ഷ്യസുരക്ഷയുമായി ബന്ധ പ്പെട്ട് ഗ്രാമപഞ്ചായത്തുകൾ നടത്തിയ പ്രവർത്തനങ്ങളിൽ വൻമുന്നേറ്റം ഉണ്ടായി. എല്ലാവർക്കും വീട് പദ്ധതി കാര്യക്ഷമമായി നടപ്പാക്കിക്കൊ ണ്ടിരിക്കുകയാണ്. മാലിന്യനിർമ്മാർജ്ജനത്തിനുള്ള പദ്ധതികൾ ആവിഷ്ക്ക രിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിപ്പ്, പദ്ധതിപ്രവർത്തന ങ്ങളുടെ മോണിറ്ററിംഗ്, ചിട്ടപ്പെടുത്തൽ എന്നിവ ഇൻഫർമേഷൻ കേരള മിഷനുമായി ചേർന്നുകൊണ്ട് കമ്പ്യൂട്ടർവൽക്കരിച്ചു. ജനന-മരണ രജി സ്ട്രേഷൻ, ആശുപത്രി കിയോസ്ക്കുകൾ വഴി നടത്തി ദിവസങ്ങൾക്കുള്ളിൽ

സർട്ടിഫിക്കറ്റ് നൽകാനുള്ള സംവിധാനം നടപ്പാക്കിക്കഴിഞ്ഞു. ഐ. കെ. എം.-ന്റെ 'സേവന', 'സുലേഖ' എന്നീ പ്രോഗ്രാമുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ പുരസ്ക്കാരം ലഭിച്ചു. കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ കൂടുതൽ അധികാരങ്ങളും ഫണ്ടും നൽകി ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ശരിയായി മോണിറ്റർ ചെയ്യാനും കേരളത്തിന്റെ സമസ്ത മേഖലകളിലും പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.

<u>പ്രൊഫ. എൻ. ജയരാജ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് സി.എ.ജി. റിപ്പോർട്ടിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. മാത്രമല്ല ഫണ്ട് വിനിയോഗം സംബന്ധിച്ച് ഇക്കണോമിക് റിവ്യൂവിലും തദ്ദേശഭരണ വകുപ്പിന്റെ വെബ്സൈറ്റിലും ലഭ്യമായ കണക്കുകൾ പരസ്പരവിരുദ്ധമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ് കൃത്യമായി നടക്കുന്നില്ല എന്നതുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ ആശാസ്യമായ രീതിയിലല്ല മുന്നോട്ടുപോയത് എന്നുള്ള കാര്യം വ്യക്തമാണ്. പദ്ധതികൾ തയ്യാറാക്കുന്നതിന് വളരെ സങ്കീർണ്ണമായ മാനദണ്ഡങ്ങൾ കൊണ്ടുവന്നതും ഫോമുകളുടെ എണ്ണം വർദ്ധിപ്പിച്ചതും ഗ്രാമപഞ്ചായത്തുകളെ കൂടുതൽ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്. പഞ്ചായത്തുകളിൽ ഇപ്പോൾ കൃഷി ഓഫീസർമാരെയാണ് പ്രോജക്ട് കോ-ഓർഡിനേറ്റർമാരായി വച്ചിരിക്കുന്നതെങ്കിലും പ്രോജക്ട് തയ്യാറാക്കുന്നത് ക്ലാർക്കുമാരാണ് എന്നാണ് അറിയുന്നത്. ഗ്രാമസഭയുടെ പ്രവർത്തനവും വികസന സെമിനാറുകളും ഫലപ്രദമല്ലെന്നു മാത്രമല്ല ഗ്രാമസഭകളുടേയും വികസന സമിതികളുടേയും പഞ്ചായത്തുകളുടേയും ബ്ലോക്കുകളുടേയും

തീരുമാനങ്ങളും പദ്ധതികളുമൊന്നുംതന്നെ നിർമ്മാണ ഘട്ടത്തിലെത്തുകയോ യാഥാർത്ഥ്യമാവുകയോ ചെയ്യുന്നില്ല. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ ബാഹുല്യവും മാനദണ്ഡങ്ങളിലുണ്ടാകുന്ന മാറ്റവും കാരണം ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ വ്യക്തത ഇല്ലാതെപോവുകയും പല സ്ഥലങ്ങളിലും പൂർത്തീകരിക്കാൻ കഴിയാതെവരികയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പണം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. അഞ്ചുവർഷത്തെ പദ്ധതികൾ മുന്നിൽ കണ്ടുകൊണ്ട് ഓരോ വർഷവും പദ്ധതികൾ തയ്യാറാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ജനറൽ ഫണ്ട് വിഹിതം കുറയുന്നതിന് പരിഹാരം കാണണം. പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ലളിതമായ നടപടിക്രമങ്ങൾ സ്വീകരിക്കണം. 'ടാഗ്' സംവിധാനത്തെ പ്രായോഗികമായി പ്രവർത്തിക്കുന്ന ബോഡിയാക്കി മാറ്റണം. തദ്ദേശസ്വയംഭരണ വകുപ്പ് നൽകുന്ന ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കണം. ഗ്രാമപഞ്ചായത്തുകളുടെ ജോലിഭാരം ലഘൂകരിക്കുകയും ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുകയും ചെയ്യണം. ത്രിതല പഞ്ചായ ത്തുകൾ തമ്മിൽ കോ-ഓർഡിനേഷൻ ഉണ്ടാകണം.

<u>ശ്രീ. ബാബു പോൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അധികാരവികേന്ദ്രീകൃത പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജനോപകാരപ്രദവുമായ വികസന ക്ഷേമപദ്ധതികൾ നടപ്പിലാക്കാനുമുള്ള ശ്രമങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടക്കുന്നത്. പുനർവിന്യസിപ്പിക്കപ്പെട്ട ഉദ്യോഗസ്ഥരെ അതാത് പഞ്ചായത്തു കളിൽ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ പഞ്ചാ

യത്തുകളിലും അക്കൗണ്ടന്റുമാരുടെ തസ്തികകൾ സൃഷ്ടിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനതായ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. മരാമത്ത് പണികളിൽ വരുന്ന കാലതാമസം ഒഴിവാക്കി. ത്രിതല പഞ്ചായത്ത് ഭരണസമിതിയിലെ വനിതാ പ്രാതിനിധ്യം 50 ശതമാനമായി ഉയർത്തി. ഉല്പാദന മേഖലയിലെ പദ്ധതിവിഹിതത്തിൽ വർദ്ധനവ് വരുത്തി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, വനിതകൾ, ദുർബ്ബല ജനവിഭാഗങ്ങൾ എന്നിവർക്കുവേണ്ടിയുള്ള പദ്ധതിവിഹിതം പരമാവധി ചെലവഴിക്കാനും വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താനും കഴിഞ്ഞു. വകമാറ്റി ചെലവഴിച്ചാൽ അടുത്ത വർഷത്തെ പരിഹാര വകയിരുത്തലിൽ ഉണ്ടാകണമെന്നുള്ള സർക്കാർ നിർദ്ദേശം സ്വാഗതാർഹമാണ്. കാർഷികമേഖലയിൽ വെട്ടിക്കുറച്ച പദ്ധതിവിഹിതം പുന:സ്ഥാപിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഫ്രണ്ട് ഓഫീസ് തുറക്കാൻ കഴിഞ്ഞു. നികുതികൾക്കും ഫീസുകൾക്കുമുള്ള പിഴ പകുതിയായി കുറച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തി. ഇ-ഗവേണൻസ് അവാർഡ് സംസ്ഥാനത്തിന് നേടിയെടുക്കാൻ കഴിഞ്ഞു. നെൽക്കൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു. കൃഷിക്ക് ആവശ്യമായ ജലസേചനപദ്ധതികൾ ആവിഷ്കരിച്ചു. നെൽക്കൃഷി ലാഭത്തിലാണ് എന്ന ഒരു പൊതുബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീയും അയൽക്കൂട്ടങ്ങളും തരിശുഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്ക് സഹകരണമേഖലയുടെ നിർലോഭമായ സഹകരണം ലഭ്യമായിട്ടുണ്ട്. എം.എൻ. ലക്ഷംവീട് പദ്ധതി പുനരാവിഷ്ക്കരിച്ചു. ഭവന

നിർമ്മാണത്തിന് നൽകിയിരുന്ന ധനസഹായം വർദ്ധിപ്പിച്ചു. ദേശീയ തൊഴിലുറപ്പു പദ്ധതിയുടെയും കുടുംബശ്രീയുടെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. തൊഴിലുറപ്പു പദ്ധതി കാർഷിക മേഖലയിലേയ്ക്കുകൂടി നടപ്പിലാക്കണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചാൽ 100 ദിവസം തൊഴിൽ നൽകാൻ കഴിയും. ദേശീയ തൊഴിലുറപ്പു പദ്ധതിപ്രകാരം 471.85 കോടിരൂപ സംസ്ഥാനത്ത് ചെലവഴിച്ചു. അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കാനുള്ള നട പടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കാർഷികമേഖലയിൽ കുടുംബശ്രീയുടെ പ്രവർത്തനം അഭിനന്ദനാർഹമാണ്. വിപണി വിപുലപ്പെടു ത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ആശ്രയ പദ്ധതി, മാലിന്യ നിർമ്മാർജ്ജനം, വിവിധ കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ എന്നിവ വിജയകര മായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കേന്ദ്രാവിഷ്ക്കൃത പദ്ധതിപ്രകാരം അനുവദിച്ച 562 റോഡുകളിൽ 325 റോഡുകളുടെ നിർമ്മാണം പൂർത്തിയാ ക്കുകയും അനവധി റോഡുകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കു കയുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം. ആയിരത്തോളം വരുന്ന വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാരുടെ അടിസ്ഥാനയോഗ്യതയിൽ മാറ്റം വരു ത്താനും ഒഴിവുകൾ നികത്താനും അവരുടെ ശമ്പളം വർദ്ധിപ്പിക്കാനും ട്രെയിനിംഗ് കാലം സർവ്വീസായി പരിഗണിക്കാനും നടപടി സ്വീകരിക്കണം.. പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഗസറ്റഡ് പദവി നൽകുന്നതിന് നടപടിയുണ്ടാ കണം. സെക്രട്ടറിമാരെ നേരിട്ട് നിയമിക്കുന്നതുമൂലം മിനിസ്റ്റീരിയൽ ജീവന ക്കാരുടെ പ്രൊമോഷനിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് സ്പെഷ്യൽ

റൂൾസ് ഭേദഗതി ചെയ്യണം. പഞ്ചായത്ത് മെമ്പർമാർക്കും കൗൺസിലർമാർക്കും പെൻഷൻ നൽകുന്നതിനെ സംബന്ധിച്ച് ആലോചിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കണം. ഗ്രാമസഭകളിലും വികസന സെമിനാറുകളിലുമുള്ള ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. പദ്ധതിവിഹിതം അഴിമതിരഹിതമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ സംവിധാനമുണ്ടാക്കണം.

<u>ശ്രീ. എം. എ. വാഹീദ് :</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഉത്തരവുകളിറക്കുന്നതിൽ മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. ജനകീയാസൂത്രണം പരാജയപ്പെട്ടിരിക്കുന്നു. പഞ്ചായത്തുകളുടെ അടുത്ത പത്തുവർഷത്തെ പ്ലാൻ ഫണ്ട് ഇ.എം.എസ് ഭവന പദ്ധതിയിലേയ്ക്ക് മാറ്റിയ നടപടി അപലപനീയമാണ്. സർക്കാർ ഇതിനായി ഒരുപൈസപോലും നൽകുന്നില്ലെന്നു മാത്രമല്ല, സർക്കാർ ജീവനക്കാർ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ എന്നിവരിൽനിന്നും പണം പിരിക്കുകയാണ് ചെയ്യുന്നത്. വായ്പ നൽകുന്ന സഹകരണ ബാങ്കുകൾ കടത്തിലേയ്ക്കും പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകൾ വികസന മുരടിപ്പിലേയ്ക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തേണ്ട പല കേന്ദ്രാവിഷ്ക്കൃത പദ്ധതികളും നടപ്പിലാക്കാൻ കഴിയുന്ന സ്ഥിതിയാണുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് വികസന പ്രവർത്തനങ്ങളുമായി ലിങ്ക് ചെയ്യുമ്പോൾ സംസ്ഥാന ഗവൺമെന്റ് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്ക് ചെലവഴിക്കാമെന്ന ഉത്തരവ് ഇറക്കിയ നടപടി അപലപനീയമാണ്.

ചെക്ക്ഡാമുകളും നിർമ്മാണ പ്രവർത്തനങ്ങളും തൊഴിലുറപ്പുപദ്ധതിയിലുൾപ്പെടുത്തി ചെയ്യാൻ നടപടി സ്വീകരിക്കണം.

ശ്രീ. അൽഫോൺസ് കണ്ണന്താനം : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കും ദരിദ്രർക്കും വീടുവച്ചുകൊടുക്കാനും 22 ലക്ഷം കുടുംബങ്ങളിൽ വൈദ്യുതി എത്തിക്കാനും സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. ഖര-മാലിന്യ സംസ്ക്കരണത്തിന് പരിഹാരം കാണാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നഗരവികസന ഫണ്ട് ഉപയോഗപ്പെടുത്തി. പാലങ്ങളുടെ വീതി കൂട്ടാൻ നടപടി സ്വീകരിക്കണം. സെക്രട്ടേറിയറ്റിന് പിറകുവശത്തുള്ള ബാസ്ക്കറ്റ് ബാൾ കോർട്ടിലും കൊച്ചിയിലെ മറൈൻ ഡ്രൈവിലും പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കണം. ഹൈവേകളിലും ചെറിയ ടൗൺഷിപ്പുകളിലെ പ്രധാനപ്പെട്ട റോഡുകളിലും ടോയ്‌ലറ്റ് കോംപ്ലക്സ് ഉണ്ടാക്കണം. കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കണം. ഇടപ്പള്ളി മുതൽ വൈറ്റില വരെയുള്ള ഭാഗത്ത് ഗ്രേഡ് സെപ്പറേറ്റർ സ്ഥാപിച്ച് ഗതാഗതപ്രശ്നത്തിന് പരിഹാരം കാണണം. അടിയന്തിര പ്രവൃത്തികൾ പ്രൈവറ്റ് പാർട്ടിസിപ്പേഷനിലൂടെ നടപ്പാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ശുചിത്വം ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിപ്രകാരമുള്ള വീടുകൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവിധ പരിഷ്ക്കരണ നടപടികളിലൂടെ ആരോഗ്യരംഗത്ത് പുരോ

ഗതി കൈവരിക്കാൻ കഴിഞ്ഞു. ശിശുമരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ആസൂത്രണ പരിപാടികളും അധികാര വികേന്ദ്രീകരണവും നടപ്പിലാക്കാൻ എൽ.ഡി.എഫ് ഗവൺമെന്റു കളാണ് ശ്രമം നടത്തിയിട്ടുള്ളത്. പഞ്ചായത്തീരാജ് നഗരപാലികാ നിയമം നടപ്പിലാക്കുന്നതിനും 50 ശതമാനം സ്ത്രീസംവരണം ഉറപ്പാക്കുന്നതിനും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സ്ത്രീശാക്തീ കരണം നടപ്പിലാക്കുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചു. കഴിഞ്ഞ നാലുവർഷത്തിനിടയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതമായി അനുവദിച്ച തുകയിൽ 75 ശതമാനവും ചെലവഴിക്കുകയുണ്ടായി. 1390 കോടി രൂപയുടെ പ്രവൃത്തി ഗ്രാമപഞ്ചായത്തിലൂടെ നടപ്പിലാക്കി. പ്ളാൻ ഫണ്ടിന്റെ 40 ശതമാനം തുക വിനിയോഗിച്ച് കാർഷികമേഖലയെ ശക്തിപ്പെടുത്തി. നെല്ലിന് കിലോയ്ക്ക് 12 രൂപ സംഭരണവില നൽകാൻ കഴിഞ്ഞു. 23000 ഏക്കർ തരിശ് ഭൂമി കൃഷിയോഗ്യമാക്കാനും കൃഷിവകുപ്പും കാർഷിക സർവ്വകാലാശാലയും മൃഗസംരക്ഷണ വകുപ്പും സംയോജിതമായി പ്രവർത്തിച്ച് കാർഷിക മേഖലയിൽ നേട്ടമുണ്ടാക്കാനും സാധിച്ചു. ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി പ്രകാരം 95 ശതമാനം ആളുകൾക്കും പാർപ്പിടം കൊടുക്കാൻ സാധിക്കുന്നതാണ്. കേന്ദ്രാവിഷ്ക്കൃത പദ്ധതികളെല്ലാം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പുപദ്ധതിയുടെ കൂലി 200 രൂപയായി വർദ്ധിപ്പിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ. എം..കെ പ്രേംനാഥ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വർഗ്ഗീയ ശക്തികളെ അമർച്ച ചെയ്യാൻ നടപടി സ്വീകരിക്കണം. ഫെഡറൽ

സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിരാജ്/മുനിസിപ്പാലിറ്റി നിയമങ്ങളിൽ കാതലായ മാറ്റം വരുത്തണം. ദേശീയ തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ തയ്യാറാകണം. തൊഴിലുറപ്പുപദ്ധതിയുടെ പരിധിയിൽപ്പെടുത്തി തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമാക്കണം. വടകരയിൽ ട്രഞ്ചിംഗ് ഗ്രൗണ്ടുമായി ബന്ധപ്പെട്ട് ജങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കണം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം നിർമ്മിക്കണം. കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്താൻ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

<u>ശ്രീ. കെ. പ്രകാശൻ മാസ്റ്റർ</u> : ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ നാലുവർഷം സമസ്ത മേഖലകളിലും അഴിമതിരഹിത ഭരണം കാഴ്ച വയ്ക്കാൻ കഴിഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സാധിച്ചു. എസ്.ജി.എസ്.വൈ.യിൽ ഉൾപ്പെടുത്തി 2404 സ്വയംസഹായ സംഘങ്ങൾ ആരംഭിച്ചു. പി.എം.ജി.എസ്.വൈ. പദ്ധതിയിലൂടെ 214 കിലോമീറ്റർ റോഡ് നിർമ്മിച്ചു. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഓരോ പഞ്ചായത്തിനും വികസനപ്രവർത്തനങ്ങൾക്കായി ഒന്നരക്കോടി രൂപ നൽകുന്നതും ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്കായി സഹകരണ ബാങ്ക് 1805 കോടി രൂപയുടെ വായ്പ നൽകുന്നതും ശ്രദ്ധേയമായ കാര്യമാണ്. കഴിഞ്ഞ മൂന്നുകൊല്ലംകൊണ്ട് ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലൂടെ മൂന്ന് ലക്ഷം വീടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞു. ദേശീയ തൊഴലുറപ്പ് പദ്ധതിയിലൂടെ കഴിഞ്ഞ വർഷം മൂന്നു

കോടി മുപ്പത്തിയേഴ് ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും 9.52 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനും കഴിഞ്ഞു. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 50 ദിവസത്തിലേറെ ജോലി ചെയ്ത ആളുകൾക്ക് രണ്ട് രൂപ നിരക്കിൽ അരി കൊടുക്കാനുള്ള തീരുമാനം ശ്ലാഘനീയമാണ്. കണ്ണൂർ കന്റോൺമെന്റിനെ തദ്ദേശഭരണ സ്ഥാപനമായി അംഗീകരിക്കുന്നതിനും ഗവൺമെന്റ് ഗ്രാന്റും മറ്റ് സഹായങ്ങളും നൽകുന്നതിനും നടപടി സ്വീകരിക്കണം. വളപട്ടണം പുഴയോരത്ത് പാപ്പിനിശ്ശേരി പഞ്ചായത്തിൽ ഒരുക്കുന്ന കണ്ടൽ തീം പാർക്കിന്റെ ഭാഗമായി കണ്ടൽക്കാടുകൾ നശിപ്പിക്കുകയോ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല; 8000-ത്തോളം കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അടുത്തുവരുന്ന തെരഞ്ഞെടുപ്പ് യു.ഡി.എഫ്. -നെ സംബന്ധിച്ചിടത്തോളം ചരിത്രത്തിൽ ഏറ്റവും വലിയ തിരിച്ചടിയായിരിക്കും.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. കൊച്ചി നഗരസഭയുടെ മാസ്റ്റർ പ്ലാൻ സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല. യാതൊരു പ്ലാനിംഗുമില്ലാതെയാണ് കൊച്ചി നഗരത്തിൽ സമുച്ചയങ്ങൾ ഉയർന്നുവരുന്നത്. നഗരവികസന ഏജൻസികളെ ഞെക്കിക്കൊല്ലുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സർക്കാരിന്റെ നഗരവികസന ഏജൻസികളോടുള്ള വിരുദ്ധനയം അവസാനിപ്പിക്കണം. യു.ഡി.എഫ്. സർക്കാരിന്റെ ആശയമായ കൊച്ചി മെട്രോ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കണം. പ്രവർത്തനരഹിതമായ

ബ്രഹ്മപുരം ഗാർബേജ് പ്ലാന്റിന്റെ നിർമ്മാണത്തകരാറിനെക്കുറിച്ച് അന്വേഷണം നടത്തണം. കോടിക്കണക്കിനുരൂപ വിലവരുന്ന കൊച്ചി മറൈൻഡ്രൈവിലെ ഭൂമി പ്രൈവറ്റ് ട്രസ്റ്റിനെ ഏൽപ്പിക്കുന്നതിൽനിന്നും സർക്കാർ പിന്തിരിയണം. കൊച്ചിയിലെ വ്യാപകമായ കായൽ കയ്യേറ്റം തടയണം. ജനകീയാസൂത്രണത്തിന്റെ മറവിൽ നഗരസഭകളിൽ നടക്കുന്ന അഴിമതിക്കെതിരെ നടപടി സ്വീകരിക്കണം. അപാകതകൾ നീക്കി കുറ്റമറ്റ രീതിയിൽ വോട്ടർപട്ടിക പുതുക്കി ആസന്നമായിരിക്കുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീതിപൂർവ്വമായി നടത്താൻ തയ്യാറാകണം.

<u>ശ്രീ. യു. സി. രാമൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളെ ലംഘിക്കുന്ന ജനാധിപത്യവിരുദ്ധ നയമാണ് തദ്ദേശഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിനെ നേരിടാൻ സർക്കാർ സ്വീകരിച്ചുവരുന്നത്. വാർഡ് വിഭജനത്തിനും വോട്ടർപട്ടിക പുതുക്കലിനും ആധാരമായ സെൻസസ് പോലും നടത്താൻ തയ്യാറായിട്ടില്ല. പഞ്ചായത്ത് വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. അന്തിമ ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിച്ച് വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. കടുത്ത നിബന്ധനകൾ ഒഴിവാക്കി ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുടെ പ്രയോജനം എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കണം. വർദ്ധിപ്പിച്ച കെട്ടിടനികുതിയും കച്ചവടക്കാരുടെ ലൈസൻസ് ഫീയും പിൻവലിക്കണം. പശ്ചാത്തലവികസന ഫണ്ട് വെട്ടിക്കുറച്ച് ഗ്രാമങ്ങളിലെ വികസനം അശാസ്ത്രീയമാക്കി. ഉൽപ്പാദന രംഗത്തെ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഭക്ഷ്യസുരക്ഷാ പദ്ധതിയിൽപ്പെടുത്തി നടത്തിയ കൃഷിയെക്കുറിച്ച് വ്യക്തമാക്കണം. തൊഴിലുറപ്പ് പദ്ധതി ശാസ്ത്രീയമായി

നടപ്പാക്കാൻ നടപടി സ്വീകരിക്കണം. പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി ഇടപെടാൻ സാധിച്ചില്ല. മാലിന്യനിർമ്മാർജ്ജന പ്രവർത്തനത്തിൽ കോർപ്പറേഷനുകൾ ക്രിയാത്മകമായി ഇടപെടണം. അപാകതകൾ പരിഹരിച്ച് വോട്ടർപട്ടിക പുറത്തിറക്കണം. പഞ്ചായത്തുകളിൽ ഉദ്യോഗസ്ഥരുടെ കുറവ് നികത്തണം. പൊതുശ്മശാനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ഉണ്ടാക്കാനും വിദൂരങ്ങളിലുള്ളവ ജനങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്ന സ്ഥലങ്ങളിൽ മാറ്റി നിർമ്മിക്കാനും നടപടി സ്വീകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ മെമ്പർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കണം.

ശ്രീ. കെ. രാജു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് സർക്കാർ ആവശ്യമായ സമയവും അവസരവും നൽകിയിട്ടുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് കൃത്യസമയത്തു തന്നെ നടത്താനുള്ള ഒരുക്കങ്ങൾ ഫലപ്രദമായിട്ടാണ് നടക്കുന്നത്. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ധാരാളം ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ നടത്തിയിട്ടുള്ള വികസനപ്രവർത്തനങ്ങൾക്ക് കിട്ടിയ ജനകീയ അംഗീകാരത്തിന്റെ ഭാഗമായാണ് കേന്ദ്ര ഗവൺമെന്റ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് ദേശീയ പുരസ്ക്കാരം നൽകിയത്. കേരളത്തിലെ അധികാര വികേന്ദ്രീകരണവും പഞ്ചായത്തുകളുടെ പ്രവർത്തനവും ഇൻഡ്യയ്ക്കാകെ മാതൃകയായതുകൊണ്ടാണ് മറ്റ് സംസ്ഥാനങ്ങളിലേയും വിദേശരാജ്യങ്ങളിലേയും പ്രവർത്തകർ തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ കേരളത്തിലേയ്ക്കെത്തുന്നത്. മുൻമാതൃകകളൊന്നുമില്ലാ

തെയാണ് 1998-ൽ ജനകീയാസൂത്രണ പദ്ധതി കേരളത്തിൽ തുടക്കമിട്ടത്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും പ്രായോഗിക വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനും പുതിയ ഉത്തരവുകൾ ഇനിയും വേണ്ടിവരും. താഴേത്തട്ടിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വം നിറവേറ്റുന്നതിന് സഹായിക്കുന്ന തരത്തിലുള്ള ഉത്തരവുകളാണ് ഇറക്കിയിട്ടുള്ളത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭരണം ശക്തിപ്പെടുത്താനുതകുന്ന ഉത്തരവുകളുണ്ടാകണം. കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്താനുള്ള മാതൃകാപരമായ പ്രവർത്തനങ്ങളാണ് കുടുംബശ്രീ പ്രവർത്തകർ നടത്തിക്കൊണ്ടിരിക്കുന്നത്. സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള പരിശ്രമമാണ് നടക്കുന്നത്. കുടുംബശ്രീ പ്രസ്ഥാനം ലോകത്തിനു തന്നെ മാതൃകയായി പ്രവർത്തിക്കുകയാണ്. സ്ത്രീകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം പ്രാതിനിധ്യം ഏർപ്പെടുത്തിയ നടപടി സ്വാഗതാർഹമാണ്. തൊഴിലുറപ്പ് പദ്ധതി മാതൃകാപരമായി നടപ്പിലാക്കാൻ കഴിഞ്ഞു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി ചർച്ചചെയ്ത് തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുകയും കൂലി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. പാർലമെന്റിൽ സ്ത്രീകൾക്ക് 33 ശതമാനം റിസർവ്വേഷൻ ഏർപ്പെടുത്തിയതിൽനിന്നും പിന്മാറുകയും ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളെ വഞ്ചിക്കുകയുമാണ് കോൺഗ്രസ് ഗവൺമെന്റ് ചെയ്തത്. ഹൗസിംഗ് പദ്ധതി മാതൃകാപരമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു. കുളത്തൂപ്പുഴ പഞ്ചായത്തിൽ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുടെ ചെക്ക് വിതരണത്തിന്റെ

ആദ്യഘട്ടം നിർവ്വഹിച്ചു. 851 പേർക്ക് 2010-11-ൽ വീട് വച്ചുകൊടുക്കുന്നതാണ്. പഞ്ചായത്തുകളിൽ എൻജിനീയറിംഗ് സ്റ്റാഫിനെ ഉൾപ്പെടെ നിയോഗിക്കണം. പഞ്ചായത്തുകളിൽ പ്രത്യേകമായി എഞ്ചിനീയറിംഗ് വിംഗ് രൂപീകരിച്ചത് ഈ ഗവൺമെന്റാണ്. പഞ്ചായത്ത് സെക്രട്ടറിയെ ഗസറ്റഡ് റാങ്കിലേയ്ക്ക് ഉയർത്തുകയും ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുകയും ചെയ്യണം.

ശ്രീ. പി. ജയരാജൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അധികാരവികേന്ദ്രീകരണപ്രക്രിയയ്ക്ക് ആവശ്യമായ നടപടികൾ കൈക്കൊണ്ട ഗവൺമെന്റാണിത് തദ്ദേശഭരണസ്ഥാപനങ്ങളുടെ റവന്യൂവരവിൽ 50 ശതമാനം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. തദ്ദേശഭരണസ്ഥാപനങ്ങളെ ഭക്ഷ്യസുരക്ഷ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി തീരുമാനിച്ചിരിക്കുകയാണ്. കാർഷികമേഖലയിൽ പരിമിതികളുണ്ടെങ്കിലും കുടുംബശ്രീ സംവിധാനത്തെ ഉപയോഗിച്ച് 50000 ഏക്കറിൽ സംഘക്കൃഷി നടത്തി പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി. കേരള സംസ്ഥാനത്തിലെ അഞ്ചുലക്ഷം ഭവനരഹിതർക്കും ഒന്നരലക്ഷം ഭൂരഹിത-ഭവനരഹിതർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി വീട് നിർമ്മിച്ചുനൽകുന്ന പദ്ധതിയായ ഇ എം.എസ്. ഭവന നിർമ്മാണ പദ്ധതി ഈ ഗവൺമെന്റ് വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇ.എം.എസ്. ഭവനപദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ തിരുത്തണം. ഓരോ സംസ്ഥാനത്തിലും തൊഴുലുറപ്പ് പദ്ധതിക്ക് ആ സംസ്ഥാനത്തെ മിനിമം കൂലി ഉറപ്പുവരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം.

അങ്ങനെവന്നാൽ തൊഴിലുറപ്പ് പദ്ധതിയെ കേരളത്തിലെ വികസനപ്രവർത്തനങ്ങൾക്കും നീർത്തടാധിഷ്ഠിത പരിപാടികൾക്കും ഉപയോഗിക്കാൻ കഴിയും. ഈ ഗവൺമെന്റ് കൊണ്ടുവന്ന നഗര തൊഴിലുറപ്പ് പദ്ധതി കൂടി നടപ്പിലാക്കിയാൽ തൊഴിലുറപ്പ് മേഖലയിൽ കേരളം വളരെയധികം മുന്നോട്ടുപോകും. മാലിന്യമുക്തം കേരളം എന്ന പദ്ധതിയുൾപ്പെടെ നടപ്പിലാക്കണമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കണം. സാമൂഹ്യവികസന മേഖലയിലും ന്യൂനപക്ഷ വികസനമേഖലയിലും സംസ്ഥാനം നടത്തിയിട്ടുള്ള പ്രവർത്തനം ഇൻഡ്യയ്ക്കുതന്നെ മാതൃകയാണ്. സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ശ്രദ്ധചെലുത്തിയിട്ടുണ്ട്. മുസ്ലീം പെൺകുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ്, മത്സരപരീക്ഷയ്ക്ക് കഴിവ് വർദ്ധിപ്പിക്കുന്നതിനുള്ള കോച്ചിംഗ് സെന്ററുകൾ, മദ്രസ്സ അദ്ധ്യാപകന്മാർക്ക് ക്ഷേമനിധിയും പെൻഷനും, ദഖ്നി, കച്ചി-മേമൻ വിഭാഗങ്ങൾക്ക് സംവരണാനുകൂല്യം, വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിലുള്ള മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടി എന്നിവ പാലോളി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഹജ്ജിന് പോകുന്ന ആളുകൾക്കായി കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിനടുത്ത് ഒരു ഹജ്ജ് ഹൗസ് ഉണ്ടാക്കാനുള്ള നടപടി പൂർത്തീകരിച്ചു. ന്യൂനപക്ഷങ്ങൾക്കായി വകുപ്പ് രൂപീകരിക്കുകയും സ്പെഷ്യൽ ഓഫീസറെ നിശ്ചയിക്കുകയും ചെയ്തു. വഖഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നതിനായി ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. മതസ്ഥാപനങ്ങളിൽ രാഷ്ട്രീയ ഇടപെടൽ പാടില്ല.

മതതീവ്രവാദം സംസ്ഥാനത്ത് ശക്തിപ്പെട്ടുവരുന്നത് തടയണം. സാമൂഹികജീവിതത്തിൽ മതതീവ്രവാദം വലിയ വിപത്തുണ്ടാക്കുന്ന അവസരത്തിൽ രാഷ്ട്രീയ ഭീകരതയെക്കുറിച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷ അഭിപ്രായത്തോട് യോജിക്കാൻ കഴിയുകയില്ല. മതതീവ്രവാദി കളെ പ്രോത്സാഹിപ്പിക്കുന്ന നിലപാട് പ്രതിപക്ഷം ഉപേക്ഷിക്കണം.

ശ്രീ. പി. കൃഷ്ണപ്രസാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലുവർഷക്കാലയളവിനുള്ളിൽ പഞ്ചായത്തുകളിൽക്കൂടി 6497 കോടി രൂപയുടെ പദ്ധതിവിഹിതം ചെലവാക്കാനും കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുക്കാനും ഓരോ വർഷവും കൂടുതൽ തുക വകയിരുത്താനും സാധിച്ചിട്ടുണ്ട്. 40 ശതമാനം തുകയാണ് ത്രിതല പഞ്ചായത്തുകൾ കാർഷികമേഖലയ്ക്ക് നീക്കിവച്ചിരിക്കുന്നത്. ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ നെൽക്കൃഷിക്ക് വലിയ പ്രോത്സാഹനമാണ് സർക്കാർ നൽകുന്നത്. ആനുകൂല്യങ്ങളും സബ്സിഡികളും അനുവദിച്ചുകൊണ്ട് നെൽക്കൃഷി ലാഭകരമാക്കുന്നതിനും ആ മേഖലയിലേയ്ക്ക് ആളുകളെ തിരിച്ചുകൊണ്ടുവരുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ അഞ്ചുവർഷത്തെ ഭരണത്തിൽ നെൽക്കൃഷി മേഖലയ്ക്കും മൃഗപരിപാലനത്തിനുമായി ചെലവഴിച്ച തുകയേ ക്കാൾ കൂടുതൽ തുകയാണ് കഴിഞ്ഞ രണ്ടുവർഷംകൊണ്ട് ഈ സർക്കാർ ചെലവാക്കിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫലപ്രദമായ പ്രവർത്തനത്തിലൂടെ ഗ്രാമീണമേഖലയിലെ ദാരിദ്ര്യം ഒഴിവാക്കാനും കാർഷികമേഖലയെ ശക്തിപ്പെടുത്തുവാനും തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കാനും സാധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് ആദ്യമായി

നടപ്പിലാക്കിയതും പദ്ധതിക്കുവേണ്ടി ദേശീയ നിലവാരത്തിൽ ഏറ്റവും കൂടുതൽ പണം ചെലവാക്കിയതും കൂടുതൽ തൊഴിൽദിനങ്ങൾ നൽകിയതും വയനാട്ടിലെ തവിഞ്ഞാൽ, എടവക പഞ്ചായത്തുകളിലാണ്. തൊഴിലുറപ്പ് പദ്ധതിക്ക് നൽകുന്ന കൂലി 200 രൂപയായി ഉയർത്താൻ നടപടി സ്വീകരിക്കണം. തൊഴിൽവിരുദ്ധ കർഷകനയങ്ങളാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികളിൽ 50 ശതമാനം സംവരണമാണ് വനിതകൾക്കായി മാറ്റിവച്ചിട്ടുള്ളത്. വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ പകുതിയോളം ത്രിതലപഞ്ചായത്തുകളിലും പ്രസിഡന്റുമാരായി വരാൻപോകുന്നത് വനിതകളായിരിക്കും. 100 ദിവസംകൊണ്ട് വനിതാസംവരണ ബിൽ പ്രാവർത്തികമാക്കുമെന്ന കേന്ദ്ര സർക്കാരിന്റെ വാഗ്ദാനം പാലിക്കാൻ സാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിലെ അഴിമതി അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന് അനുയോജ്യമായ വിധത്തിൽ ആവിഷ്ക്കരിക്കാൻ തയ്യാറാകണം. വികസനത്തിനുവേണ്ടി കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്ന പഞ്ചായത്തുകളായി കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ മാറിക്കഴിഞ്ഞു. 36 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകാൻ നടപടി സ്വീകരിച്ചു. 35 ലക്ഷം കുടുംബങ്ങൾക്ക് ഒരു വർഷം ചികിത്സാ ചെലവിനായി 30000 രൂപ ലഭ്യമാകുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. വിവിധ ക്ഷേമപെൻഷനുകൾ കൃത്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. സമൂഹത്തിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന സാമുദായിക-വർഗ്ഗീയ ചേരിതിരിവ് അവസാനിപ്പിക്കണം. വർഗ്ഗീയതയെ

ചെറുത്തുതോൽപ്പിക്കാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി ശക്തമായി പ്രവർത്തിക്കണം.

<u>ശ്രീ. എ.പി. അനിൽകുമാർ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനാധിപത്യത്തെ അട്ടിമറിക്കുന്ന നയങ്ങളാണ് സർക്കാർ ആവിഷ്ക്കരിക്കുന്നത്. വാർഡ് വിഭജനത്തിലും വോട്ടർപ്പട്ടിക തയ്യാറാക്കുന്നതിലും വൻതോതിലുള്ള ക്രമക്കേടാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ താല്പര്യങ്ങൾ മാത്രമാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പാക്കുന്നത്. യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയാണ് ബ്ലോക്ക് പുന:സംഘടന നടത്തിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിംഗ് ഈ ഗവൺമെന്റ് നിർത്തലാക്കി. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ ഉദ്യോഗസ്ഥരെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. മഞ്ചേരി പോലുള്ള മുനിസിപ്പാലിറ്റികളിൽ ഇതിലേയ്ക്കാവശ്യമായ ഫണ്ട് ഉണ്ടായിട്ടുപോലും പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഈ പദ്ധതിയുടെ നടത്തിപ്പിനായി ബഡ്ജറ്റ് വിഹിതം നീക്കിവയ്ക്കാതെ പഞ്ചായത്ത്-സഹകരണ വകുപ്പുകളെ ഏൽപ്പിച്ചിരിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കണം. എഞ്ചിനീയറിംഗ് വിംഗിനെ പിരിച്ചുവിട്ടുകൊണ്ട് ബ്ലോക്ക് പഞ്ചായത്തുകളെ നോക്കുകുത്തിയായി മാറ്റിയിരിക്കുകയാണ്. ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ഫണ്ട് ഗവൺമെന്റിന്റെ താൽപര്യത്തിനനുസരിച്ച് വിനിയോഗിക്കണമെന്ന നിർദ്ദേശം ജനാധിപത്യ വിരുദ്ധമാണ്. താഴെത്തട്ടിലേയ്ക്ക് അധികാരം കൈമാറാൻ വൈമനസ്യം കാണിക്കുന്ന സർക്കാരാണിത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി)</u> : തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശാക്തീകരണത്തിനുവേണ്ടിയുള്ള നടപടിക

ളെടുക്കുന്നതിനുവേണ്ടിയാണ് ഈ ഗവൺമെന്റ് കഴിഞ്ഞ നാലുവർഷമായി ശ്രമിച്ചത്. പദ്ധതിപണം വിവിധ മേഖലകളിലേയ്ക്ക് വകമാറ്റി ചെലവഴിച്ചുവെന്നും എസ്.സി./എസ്.ടി. വിഭാഗത്തിന് നീക്കിവച്ച ഫണ്ട് ചെലവഴിക്കാതിരുന്നുവെന്നും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്നുമുള്ള പരാതികൾ പരിഹരിക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചതിന്റെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ അതാത് വർഷത്തെ കണക്കുകൾ കൃത്യമായി സൂക്ഷിച്ചിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കിയതിലൂടെ കേരളത്തിലെ 1224 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 24 എണ്ണത്തിന്റേതൊഴിച്ച് ബാക്കിയെല്ലാ സ്ഥാപനങ്ങളിലേയും കണക്കുകൾ അപ്-റ്റു-ഡേറ്റാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ ഉദ്യോഗസ്ഥ പുനർവിന്യാസം നടപ്പിലാക്കിയതുവഴി ജീവനക്കാരുടെ കുറവിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തീരാജ് സംവിധാനം ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കിയതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കേരളത്തിനാണ് ലഭിച്ചത്. പതിനൊന്നാം പദ്ധതിയിലെ നിബന്ധനയനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 40 ശതമാനം ഉൽപാദനമേഖലയിൽ ചെലവഴിക്കണമെന്ന് നിർബന്ധമാക്കിയിരുന്നു. ഇതനുസരിച്ച് ഗവൺമെന്റ് നടത്തിയ ഇടപെടലിന്റെ ഫലമായി കാർഷികമേഖലയിൽ ഇപ്പോൾ ഉണർവ്വ് ദൃശ്യമായിട്ടുണ്ട്. പത്താം പഞ്ചവൽസര പദ്ധതിയെ അപേക്ഷിച്ച് പതിനൊന്നാം പദ്ധതിക്കാലത്ത് 994 കോടി രൂപയിലധികം ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുണ്ടായ കായികാധ്വാനത്തിന്റെ സംഭാവന കാർഷികമേഖലയ്ക്കും ലഭിച്ചിട്ടുണ്ട്. സംസ്ഥാന

ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ വനിതകൾക്ക് 50 ശതമാനം സംവരണം ഉറപ്പാക്കി. എല്ലാ പഞ്ചായത്ത് ഓഫീസുകളിലും ആരംഭിച്ച "ഫ്രണ്ട്" ഓഫീസ് സംവിധാനം ഫലപ്രദമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. രണ്ട് പഞ്ചായത്തുകളുള്ള ബ്ലോക്കുകളും പതിനാല് പഞ്ചായത്തുകളുള്ള ബ്ലോക്കുകളും സംസ്ഥാനത്തുണ്ട്. അത്തരത്തിൽ രണ്ട് പഞ്ചായത്തുകളുള്ള ബ്ലോക്കുകളെ കോർപ്പറേഷനുകളോടും മുനിസിപ്പാലിറ്റികളോടും കൂട്ടിച്ചേർക്കുന്ന നടപടി സ്വീകരിച്ചതിലൂടെ ചില ബ്ലോക്കുകൾ ഇപ്പോൾ ഇല്ലാതായിട്ടുമുണ്ട്. ബ്ളോക്ക് വിഭജനം സംബന്ധിച്ചുണ്ടായിട്ടുള്ള പരാതികൾ പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും കൃത്യമായി കണക്ക് സൂക്ഷിക്കുന്നതിന് ഏർപ്പാട് ചെയ്യുകയും അക്കൗണ്ടന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് സംവിധാനം സംയോജിപ്പിച്ച് ശക്തിപ്പെടുത്തിയിട്ടുണ്ട്; 3306 സാങ്കേതിക ജീവനക്കാർ ഈ സംവിധാനത്തിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. എം.എൽ.എ ഫണ്ട് വിനിയോഗിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളിലെ എഞ്ചിനീയർമാർക്ക് പൂർണ്ണമായ അധികാരം കൊടുത്തിട്ടുണ്ട്. സെറിഫെഡിൽ നിന്നും 283 ജീവനക്കാരെ പഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്. പതിനൊന്നിന പരിപാടിവഴി നിയമിക്കപ്പെട്ട 418 ലൈബ്രേറിയന്മാരേയും 160 നഴ്സറി ടീച്ചർമാരേയും 160 ഹെൽപ്പർമാരേയും സർവ്വീസിൽ സ്ഥിരപ്പെടുത്തി. ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ആദിവാസികൾക്ക് മാത്രമായി പഞ്ചായത്ത് രൂപീകരിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് പുനർനിർണ്ണയിക്കുന്നതിനുവേണ്ടി 4-ാം ധനകാര്യകമ്മീഷനെ

നിയമിച്ചു. തദ്ദേശഭരണസ്ഥാപനങ്ങളിലെ ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം 4, 6, 8 എന്നീ ക്രമത്തിൽ വർദ്ധിപ്പിച്ചു. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കാനുള്ള നിയമനിർമ്മാണം നടപ്പിലാക്കി. വി.ഇ.ഒ.-മാരുടെ നിയമനത്തിലും പ്രൊമോഷനിലും ഉണ്ടായിരുന്ന സ്ത്രീ-പുരുഷ അസമത്വം ഇല്ലാതാക്കിക്കൊണ്ട് ഒറ്റ ലിസ്റ്റിൽ നിന്നും നിയമനവും സീനിയോറിട്ടി അനുസരിച്ച് പ്രൊമോഷനും നൽകുന്ന സംവിധാനം നടപ്പിലാക്കി. വാഹനപ്പെരുപ്പം, സുരക്ഷ ഇവ പരിഗണിച്ച് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്തു. തിരുവനന്തപുരം നഗരസഭയിൽ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്ന വിഭാഗം കമ്പ്യൂട്ടർവൽക്കരിച്ചു. ഈ സൗകര്യം മറ്റ് സ്ഥലങ്ങളിലും അടിയന്തിരമായി വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ നഗരസഭകളിലും ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആരംഭിച്ചു. 23 നഗരസഭാ മാസ്റ്റർപ്ലാനുകൾ പ്രസിദ്ധീകരിക്കുന്നതാണ്. ജനന-മരണ രജിസ്ട്രേഷൻ നടപടികൾ ലഘൂകരിച്ചു. സച്ചാർ കമ്മീഷന്റെ ശുപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രൂപീകരിച്ച പാലോളി കമ്മിറ്റിയുടെ 5 ശുപാർശകളിൽ നാലെണ്ണം നടപ്പിലാക്കുകയും മദ്രസാ അദ്ധ്യാപകരുടെ ക്ഷേമനിധി സംബന്ധിച്ച ശുപാർശ നടപ്പാക്കുന്നതിനുള്ള നടപടികൾ ഉടനെ ആരംഭിക്കുകയും ചെയ്യും. മുസ്ലീം സമുദായത്തിലെ ദഖ്നി, കച്ച്-മേമൻ എന്നീ വിഭാഗങ്ങളെ പിന്നോക്കസമുദായത്തിൽ ഉൾപ്പെടുത്താനും സംവരണാനുകൂല്യം നൽകാനും തീരുമാനിച്ചു. ഹജ്ജുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്യേണ്ട കാര്യങ്ങൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങൾക്കുള്ള ഹജ്ജ് ക്വാട്ട നിശ്ചയിക്കു

മ്പോൾ ജനസംഖ്യാനുപാതികമായി കണക്കാക്കുന്നതിനുപകരം അപേക്ഷ നൽകുന്ന ആളുകളുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ ക്വാട്ട അനുവദി ക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാരും ഹജ്ജ് കമ്മിറ്റിയും ഇതുവരെ അംഗീകരിച്ചിട്ടില്ല. വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെ ട്ടുപോകുന്നതായുള്ള പരാതികൾ പരിഹരിക്കാൻ സർക്കാർ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ടിന്മേലുള്ള നടപടികൾ ആരംഭിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശഭരണ വകുപ്പിൽ 4485 തസ്തികകൾ സൃഷ്ടിക്കുകയും മൂവായിരത്തോളം എഞ്ചിനീയർമാരേയും ഓവർസീയർമാരേയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ കുറവ് റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിൽ വിവിധ വകുപ്പുതലവന്മാരുടെ ഓഫീസുകൾക്കുള്ള ''സ്വരാജ് ഭവൻ'' ഈ വർഷം പ്രവർത്തനക്ഷമമാകും. പഞ്ചായത്ത് ഡയറക്ടറേറ്റ്, മുനിസിപ്പൽ ഡയറക്ടറേറ്റ്, സി.ടി.പി, കുടുംബശ്രീ തുടങ്ങിയവ അവിടെ പ്രവർത്തിക്കുന്നതായിരിക്കും. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കും. എഞ്ചിനീയറിംഗ് പണികൾക്കുള്ള 'സുഗമ സോഫ്റ്റ് വെയർ' നിർബന്ധമാക്കും. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം കമ്പ്യൂട്ടർ വഴിയാക്കും. നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾ ചെറുതായി ലംഘിച്ചതിന്റെ പേരിൽ കെട്ടിടങ്ങളുടെ പെർമിറ്റ് നൽകാൻ കഴിയാത്ത കേസ്സുകൾ ക്രമവൽക്കരിക്കും. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി നഗരസഭകളിൽ ഒക്ടോബറിൽ പ്രവർത്തനമാരംഭിക്കും. 'കില'-യെ കേന്ദ്രീകൃത ആസൂത്രണത്തിനുള്ള

ദേശീയ കേന്ദ്രമാക്കി അംഗീകരിക്കുകയും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യും. കുടുംബശ്രീ സംഘകൃഷിയുടെ വിസ്തൃതി അറുപതിനായിരം ഏക്കറിൽ നിന്നും ഒരു ലക്ഷം ഏക്കറായി വർദ്ധിപ്പിക്കും. ആശ്രയപദ്ധതികൾ വിപുലീകരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം 29 നെതിരെ 67 വോട്ടുകളോടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം 29 നെതിരെ 70 വോട്ടുകളോടെയും സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയവും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.15-ന് പിരിഞ്ഞു.

............................